"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് - ഫയലുകളും രേഖകളും ഡിജിറ്റൈസ് ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.704/2025/LBR തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-

1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/10/2023-ലെ C1-3651/2022 നമ്പർ കത്ത്.
2. 31/08/2024-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ടെക്നിക്കൽ കമ്മിറ്റി യോഗ തീരുമാനം.
3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07/09/2024-ലെ KMTCEO/1270/2023-C1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫയലുകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിനായി, സംസ്ഥാനത്തിനകത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ആവശ്യപ്പെടുന്നവരെക്കൊണ്ട് പ്രസ്തുത പ്രവൃത്തി ചെയ്യിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (1) പ്രകാരം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി. തുടർന്ന് ബോർഡിലെ ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്നത് സംബന്ധിച്ച് തയാറാക്കിയ ടെണ്ടർ രേഖ അന്തിമമാക്കി സമർപ്പിക്കുവാനുള്ള സർക്കാർ നിർദ്ദേശത്തെത്തുടർന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) എന്ന സ്ഥാപനത്തിന്റെ ടെൻഡർ, പരാമർശം (2) പ്രകാരമുള്ള ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും പേജ് ഒന്നിന് 5.79/- രൂപ നിരക്കിൽ ബോർഡിന്റെ ഫയലുകളും രേഖകളും ഡിജിറ്റൈസ് ചെയ്യുന്നതിന് പ്രസ്തുത സ്ഥാപനത്തിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) എന്ന സ്ഥാപനം ക്വാട്ട് ചെയ്ത തുകയിൽ കുറവ് വരുത്തുന്നതിലേക്കായി നെഗോസിയേഷൻ നടത്തുകയും, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫയലുകളും രേഖകളും ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി പേജ് ഒന്നിന് 4.7/- രൂപ + GST നിരക്കിൽ ചെയ്യാവുന്നതാണെന്ന് പ്രസ്തുത സ്ഥാപനം അറിയിക്കുകയും ചെയ്തു. ആയതിനാൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഫയലുകളും രേഖകളും പേജ് ഒന്നിന് 4.7/- രൂപ + GST നിരക്കിൽ ഡിജിറ്റൈസ് ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി

ഉത്തരവാകുന്നു.

3) 2025 ഡിസംബർ മാസത്തിനുള്ളിൽ ബോർഡിലെ ഫയലുകളും രേഖകളും പൂർണമായും ഡിജിറ്റൈസ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീജ ആർ
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് , കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ വകുപ്പ്. (12/12/2023-ലെ ITCell-/223/2023-ITD കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Arun S R
Date: 11-06-2025 16:57:38
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്